# എം.എം.എച്ച് എസ്.എസ്. നിലമേൽ



# സമന്വയം

സമന്വയം



പ്രിയരേ,

വിവരസാങ്കേതിക വിദ്യയുടെ മാന്ത്രികസ്പർശം എല്ലാ മേഖലകളേയും കെെക്കുമ്പിളിൽ ആക്കികൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ്നാംകടന്നുപോകുന്നത് യാന്ത്രികലോകത്തിലേക്ക്പിച്ചവയ്ക്കാൻആഗ്രഹിക്കുന്ന കുഞ്ഞു മനസ്സുകൾക്ക് വഴികാട്ടിയായിനമ്മുടെസ്കൂളിലുംഒരുകുട്ടിപട്ടംഉയർന്നുപൊങ്ങി .അനന്തവിഹായസ്സിലേക്ക് ഉൗളിയിട്ട് പറക്കാൻ ആഗ്രഹിക്കുന്ന ആ കുട്ടിപട്ടത്തിന്റെ ഗതിയെ നിയന്ത്രിക്കുന്ന അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ആത്മസമർപ്പണത്തിന്റെ നേർക്കാഴ്ച്ചയാണ് ഇൗ മാഗസിൻ . തുമ്പകുടത്തിൽ നിന്നും ഇറ്റു വീഴുന്ന മഞ്ഞു തുള്ളി പോലെ

സമന്വയം

ഓരോ ദിനവും ഓർമ്മയറക്കുള്ളിലേക്ക് ഓടിമറയുന്നു . കളിച്ചും ചിരിച്ചും കൊണ്ടും കൊടുത്തും മാഞ്ഞു പോകുന്ന ഇന്നലെകളിലേക്ക് എത്തിനോക്കാൻ വിതുമ്പുന്ന മനസ്സുകളുടെ നേരോർമ്മയാണ് ഞങ്ങളുടെ ഈ എളിയ സംരംഭം . കുട്ടികളുടെ സർഗ്ഗാത്മക വൈഭവങ്ങളുടെ തീഷ്ണവും വശ്യവുമായ ആവിഷ്ക്കാരം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് . അനുഭവക്കുറവുമൂലം സംഭവിച്ചിട്ടുള്ള അപാകതകൾ ക്ഷമിക്കുമെന്ന പ്രതീക്ഷയോടെ സുമനസ്സുകളുടെ മുന്നിലേക്ക് ആദരപൂർവ്വം ഞങ്ങളുടെ ഈ മാഗസിൻ സമർപ്പിക്കുന്നു .

ജയശ്രീ.എസ്

# അഭിനന്ദനങ്ങൾ





സമന്വയം

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഓയിൽ പെയിന്റിംഗിന് ബി ഗ്രേഡും പ്രവൃത്തിപരിചയ മേളയിൽ വെജ്റ്റബിൾ പ്രിന്റിംഗിന് എ ഗ്രേഡും കരസ്ഥമാക്കിയ ശ്രീതു.എസ്.ആർ

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹിന്ദി കഥാരചനയിൽ എ ഗ്രേഡ് കരസ്ഥമാക്കിയ ജെ.മാളവിക.എസ്.കുറുപ്പ്

**സമന്വയം**

**ലിറ്റിൽ  കൈറ്റ്സ്**

**എംഎം.എച്ച് എസ്.എസ്,നിലമേൽ**

**എഡിറ്റർ**


സമന്വയം

## നന്ദിനി.എ.എസ്

## എഡിറ്റോറിയൽ ബോർഡ്

സൂര്യ
നന്ദിനി.എ.എസ്
ദിൽഷാന നൗഷാദ്
ഷാസിർ
തസ്നീമ
ഇൻസമാം . എൻ
വിസ്മയ
സെബാസ്റ്റ്യൻ ബിജു
തസ്ലീമ .റ്റി

## PRAYER



സമന്വയം

With people having good sense,
To live in harmony;
With Unity in Diversity.
Oh, my God,
Bless Mother India;
With children with sense,
For building a Nation;
Not of Hatred but of Love
In all diversities.
Oh,my God,
My prayers to you;
Bless today's children-
Tomorrow's future;
To live as True Indians,
And good humans,
In the lap of Mother India;
With strong belief of Love and Unity.
Daily I pray,
Humbly and strongly;
Anywhere and everywhere,
As I know,
God is Omnipresent.

VISMAYA .B.O
IX.C

## Contents



PRAYER....................5
മഴവെള്ള സംഭരണത്തിന്റെ....................7
പ്രധാന്യം ....................7
വേരുകൾ....................8
....................9
HOPE....................9

സമന്വയം

ON GANDHIJI'S FOOTSTEPS....10
ജൈവകൃഷി....10
ഇളം തെന്നൽ....12
മഹത് വചനങ്ങൾ....*14*
കടങ്കഥകൾ....15

# മഴവെള്ള സംഭരണത്തിന്റെ

## പ്രധാന്യം .....




ഭൂമിയിൽ ജീവൻ നിലനിൽക്കുന്നത് അടിസ്ഥാന വസ്കുക്കൾ അനുസരിച്ചാണ്. വായു,ജലം,ഭക്ഷണം,പാർപ്പിടം,പ്രകാശം എന്നിങ്ങനെ അവ പ്രാധാന്യം കുറഞ്ഞുവരുന്നു എങ്കിലും ഇവയെല്ലാം ചേരുമ്പോൾ മാത്രമേ ജീവന് നിലനിന്നു പോകാൻ കഴിയൂ .അടിസ്ഥാന വസ്കുക്കളിൽ ജലത്തിന് രണ്ടാം സ്ഥനമാണ്.

ജലം ജീവസന്ധാരണത്തിന് അത്യാവശ്യമാണ് ഭൂമിക്ക് ജലം ദാനമായി നൽകുന്നത് മഴയും ലോകത്ത് നന്നായി മഴ ലഭിക്കുന്ന

സമന്വയം

സ്ഥലങ്ങളോടൊപ്പം കേരളവും എത്തുന്നുവെന്നത് നമ്മുടെ നാടിന്റെ പ്രത്യേകതയായി കണക്കാക്കാം.കഴിഞ്ഞ പത്തുവർഷമായി കേരളത്തിൽ പെയ്തിറങ്ങിയ മഴ ഏതാണ്ട് ഒരുപോലെതന്നെയാണ്. എന്നാൽ ഇന്ന് കേരളം വരൾച്ചയുടെ പിടി-യിലാണ്.കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു .നദികൾ വറ്റി വരളുന്നു.

കേരളത്തിൽ 44 നദികൾ ഉണ്ട്.അവയിൽ പലതും സാമാന്യ വലുതും നല്ലനീരൊഴുക്കുള്ളവയുമാണ്. ധാരാളം കുളങ്ങളും ജലാശ യങ്ങളും കേരളത്തിൽ ഉണ്ട്.താഴ്‌വരകൾ സദാകുളിർമയുള്ളവയാണ്ഇടനാടും തീരപ്രദേശവും ജലസമൃതിയിൽ മോശമില്ല.അതുകൊ-ണ്ട് കേരളത്തിൽ സദാ കുളിർക്കാറ്റു വീശിയിരുന്നു.എന്നാൽ ഇന്ന് സദാ വളരുന്നു . ജലാശയങ്ങൾ നന്നേ കുറവ് . ഉള്ളവ മലിനവുംപ്രകൃതിയിൽ ഉണ്ടായ കടുത്ത മലിനീകരണവും ചൂഷണവുമാണ് വരൾച്ചയെ ത്വരിതപ്പെടുത്തുന്നത്.പുഴകൾ മണൽവാരൽ കാരണംവരണ്ടിരിക്കുന്നു.ആർക്കും നിഷേധിക്കാനാവാത്ത വിധം ഒരുകാര്യം സത്യമായി നിൽക്കുന്നു.പുഴകൾ ആഴം കൂടിയതനുസരിച്ച് കുത്തൊഴുക്ക് സൃഷ്ടിച്ച് വേഗത്തിൽ ഒഴുകുന്നു.ചെറിയ നീർവഴിക-ളാണ് പുഴയ്ക്ക് ജലസമൃദ്ധിയുണ്ടാകുന്നത്.പുഴയുടെ കരയിലും നീർത്തട പ്രദേശത്തും കോൺക്രീറ്റ് കെട്ടിടങ്ങൾ തീർക്കുന്നതുമൂലം ഭൂമിയിലെ ജലനിരപ്പ് പെട്ടെന്ന് താഴുന്നു.ഉപരിതലം വരണ്ടുണങ്ങുന്നു.ജലദൗർലഭ്യം അനുഭവപ്പെടുന്നു . ഇവിടെയാണ് മഴവെള്ളം സംഭരിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നത്.


മഴവെള്ള സംഭരണത്തിന്റെ ആദ്യരീതി കുടുംബത്തിൽത്തന്നെ സംഭരിക്കുക എന്നതാണ്.നമ്മുടെ ഭവന-
ങ്ങളിൽ വീഴുന്നു മഴവെള്ളത്തെ സംഭരിക്കുക എന്നതാണ് ആദ്യപ്രവർത്തനം.മഴക്കുഴികൾ തീർത്ത് മഴവെള്ളത്തെ ഭൂമിയിൽതാഴ്ത്തണം.പറമ്പുകളിൽ സസ്യജാലങ്ങൾ വളർത്തുക,കയ്യാലകൾ തീർത്ത് മഴവെള്ളം ഭൂമിയിലേക്ക് താഴ്ത്തുക,തടയണകൾ നിർമിക്കുക എന്നിവയും മഴവെള്ളസംഭരണത്തിനു സഹായിക്കുന്ന ഘട
കങ്ങളാണ് . നാം എല്ലാം ഇതിനു വേണ്ടി ഒത്തൊരുമയോടെ

സമന്വയം

പ്രവർത്തിച്ചാൽ ജലസമൃദ്ധമായ ഒരു ഭൂമി വളരെ ദൂരെയല്ല..

തസ്നീമ.റ്റി
***IX.C***

# <u>വേരുകൾ</u>



ജീവിതമാം നാടകഭൂവിൽ
താങ്ങായ് നിൽപ്പതു വേരുകൾ
പ്രകൃതിതൻ താലോല ലാളന
പുൽകുമീ പൊന്മണി ദീപമാ വേരുകൾ
എന്നെ ഞാനാക്കി തീർത്തത്
എന്നിലേക്ക് പടർന്നിറങ്ങി വേരുകൾ

കളിചിരി കുസൃതികൾ
നന്മകൾ നേരുന്ന
ചങ്ങാതിമാരെന്റെ വേരുകൾ
ജീവിതത്തിന്റെ ആദ്യപാഠങ്ങൾ
എനിക്കേകിയ പിതാവാണെന്റെ  വേരുകൾ

അമിഞ്ഞപ്പാലൂട്ടി വളർത്തിയ
വാത്സല്യമാണെന്റെ വേരുകൾ
ഇൗ മണ്ണിൽ വളരാനെന്നെ
പ്രാപ്തയാക്കിയതീ വേരുകൾ
വേരുകൾ വേരുകൾ
അവപോയെങ്കലി ഞാൻ ശില
വെറുമൊരു ജഢശില...

ഇൻസമാം.എൻ
***V11.C***

# HOPE

*Hope is a bird of many feathers,*

*Hope is a magical word of four letters,*

*Hope is what Almighty teaches,*

*Hope saves us from despairs reaches.*

*Meet the Hope bird every day,*

*Find it, it will make you gay,*

*Never the bird loses its charm,*

*But it keeps you forever warm.*

*Learn this good word hope every day,*

*Teach it to others, so happiness stay,*

*Always remember, hope is on its way,*

*And never miss to catch when it suddenly hatches.*

*Almighty has His own school,*

*Where everyone must study,*

*The two teachers are Love and Pain,*

*Who teaches Hope to everybody.*

സമന്വയം

Thasleema.T
IX.C

# ON GANDHIJI'S FOOTSTEPS

October 2 is an important day for the Indians. It is the birthday of Mahatma Gandhi, the father of the Nation.The day is known as Gandhi Jayanti Day. Gandhiji is remembered and respected not only by the Indians but by the entire world.Gandhiji was the architect of our freedom struggle. Although we have got freedom from the British Raj, we are not free from evils like corruption, crimes, killings,man-made drought situations,malnutrition,etc.Humanity itself was a religion for Gandhiji who used to worship honesty. Gandhiji's teaching have more significance in today's world. Let us follow Gandhiji's path to *swaraj* [freedom] for our nation in real terms.

'Work is worship' was Gandhiji's motto in life. Let us think about working more vigorously on Gandhi Jayanti Day. It would be an appropriate way of paying homage to Gandhiji. Also,try to become one, like Gandhiji. That would be a real tribute to our dear Father of the Nation.

One more thing to mention is that Gandhiji always maintained his Indianness. As a barrister, he travelled to the United Kingdom and South Africa and stayed there. He wore his traditional Indian dress and followed the culture and customs of our country. He didn't care whether foreign national respected it or not.

For many decades, a large number of Indian youngsters have been following the Western culture. It seems that the Indians have lost respect for their culture, custom and their mother tongue.What is the point of having a national holiday or celebrating a great soul's birthday when we refuse to follow what this great leader has taught us? Give it a thought!

**THASLEEMA. T**
**IX.C**

# ജൈവകൃഷി

ജൈവ കീടനാശിനികൾ, കംപോസ്റ്റ്,പച്ചിലവളങ്ങൾ,ഇടവിള കൃഷി,യാന്ത്രീകനടീൽ തുടങ്ങിയവയെ ആശ്രയിക്കുന്നതും ര ാസവളങ്ങളും ഒഴിവാക്കുന്നതുമായ കൃഷിരീതിയെയാണ് ജൈവകൃഷി എന്നതുകൊണ്ട്അർത്ഥമാക്കുന്നത്.1990 മുതൽ ജൈവകൃഷിരീതിയിലൂടെ

സമന്വയം

ഉണ്ടാക്കിയ ഉൽപ്പന്നങ്ങളുടെ വിപണി ദ്രുതഗതിയിലാണ്. 2007 ൽ അത് 4600 കോടി അമേരിക്കൻ ഡോളറിലെത്തി.ജൈ ജവ ഉൽപ്പന്നങ്ങ ആവശ്യം മൂലം ജൈവകൃഷി സ്ഥീകരിക്കുന്ന കൃഷിയിടങ്ങളുടെ വ്യാപനവും വേഗത്തിലായി.ലോകവ്യാപകമായി ഏകദേശം 3.22 കോടി ഹെക്ടർഭൂമി ജൈലകൃഷിരീതി പിന്തുടരുന്നു.ഇത് മൊത്തം കൃഷിഭൂമിയുടെ 0.8% വരും. കൂടുതെ 2007 വരെ ഏകദേശം3 കോടിഹെക്ടർഭൂമിയിൽനിന്ന്ജൈവകൃഷിഉൽപ്പന്നങ്ങൾവിള വെടുക്കുകയുണ്ടായ.ജൈവകൃഷിയുടെ ഉപജ്ഞാതാവ് എന്നറിയപ്പെടൂന്നത് മസനോബു ഫുക്കുവോക്കയാണ്.

ഇന്ററർനാഷണൽ ഫെഡറേഷൻ ഒ◌ാഫ് ഓർഗാനിക്ക് അഗ്രികൾച്ചർ മൂവ്മെന്റ്സ് എന്ന അന്തർദേശിയ സംഘടനയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ജൈവകൃഷിരീതി രാജ്യന്തരാ തരത്തിൽ നിയന്ത്രിക്കുകയും നിയമപരമായി നടപ്പിലാക്കുകയും ചെയ്യുന്ന നിരവധി രാജ്യങ്ങളുണ്ട്.1972 സ്ഥാപിച്ച (IFOAM) എന്ന ഈ സംഘടനയുടെ കീഴിൽ നിരവധി ജൈവകൃഷി പ്രചാരസംഘടനകൾ പ്രവർത്തിക്കുന്നു. (IFOAM) ജൈവകൃഷിയുടെ ലക്ഷ്യത്തെ ഇങ്ങനെ നിർവഹിക്കുന്നൂ.

മണ്ണിന്റെയും മനുഷ്യന്റെയും ആവാസ വ്യവസ്ഥയുടെയും ആര ര് രാഗ്യം സംരക്ഷിച്ച് നിലനി ത്തുന്ന ഒരു ഉൽപ്പാദന ജൈവകൃഷിരീതി. ദോഷ ഫലങ്ങളുണ്ടാക്കുന്ന ചേരുവകൾ ഉപയോഗിക്കുന്നതിനു പകരം പരിസ്ഥിതിയുടെ സ്വഭാവിക പ്രക്രിയികൾ,ജൈവവൈവിധ്യം,ചംക്രമണം, തുടങ്ങിയ പ്രാദേശിക അലസ്ഥകൾക്ക് അനുരൂപമായതിനെ മാത്രമേ ഈ കൃഷിരീതി ആശ്രയിക്കുള്ളു.

പരമ്പരാഗത രീതികളും പുത്തൻ കണ്ടെത്തലുകളും ശാസ്ത്രീയ രീതികളും സംയോജിപ്പിച്ചു കൊണ്ട് പരിസ്ഥിതിയിലെ എല്ലാ ഭാഗത്തിനും ഉപകാരപ്പെടും വിധത്തിൽ പാരിസ്ഥിതിക ബന്ധവും ഉന്നത നിലവാരത്തിലുള്ള ജീവിതവും ഈ കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നു.

രഷ്മി .എസ് . കുമാർ
IX . A

സമന്വയം

# ഇളം തെന്നൽ



എന്നും പണിശാലയിൽ നിന്നും ഉച്ചയ്ക്കക്ക് ഭക്ഷണം കഴിക്കാൻ വീട്ടിൽ വരാറുള്ളതാണ്

ഇന്നും അങ്ങനെവന്നുഎന്തോ മനസ്സിനോരു വല്ലായ്ക്.വിശപ്പില്ലായ്ക. അങ്ങനെ ചിന്തിച്ച് സ്വല്പനേരം ഇരുന്നുപോയി.വീട്ടിലാരും ഇല്ല.ഇന്നത്തേയും ആഹാരം ശരിയാക്കി ഊണുമേശയിൽ അടച്ചു വെച്ചിരിക്കുന്നു ജോലിക്കാരി.നല്ല ചൂട്.കറണ്ടില്ല.അത് പുത്തരിയല്ലല്ലോ? ഈ ഗതികേട് എന്നുമാറിക്കിട്ടും.എന്നാലും ചാർജ്

സമന്വയം

കൂട്ടലിനരുകണക്കുമില്ല.സാധാരണക്കാർഎങ്ങനെജീവിക്കും.......അങ്ങനെ മനസ്സിനെഅലട്ടിക്കൊണ്ടിരുന്നപ്പോഴതാ ഒരാളെത്തി.ആരാണന്നല്ലേ....... നല്ല ഇളംകാറ്റ്....എന്നും അനുഭവപ്പെടുമെങ്കിലും ഇത്രയും ആനന്ദം തോന്നിയിട്ടില്ല.അതിനെയെന്നുംകാണാറുണ്ട്നോട്ടത്തിലുംഭാവത്തിലുംഅ തെന്നെതഴുകിപോകാറുമുണ്ട്.ഇന്ന്എന്റെ അടുത്തേക്ക് വന്ന് ഒരു കള്ളനെപ്പോലെ എന്റെ ചെവിയിൽ മന്ത്രിച്ചു എന്നെ ഇഷ്ടായീന്ന് . ശരിക്കും കോരിത്തെരിച്ചുപോയി. പക്ഷേ എന്റെ ആസമയത്തുള്ളമാനസീകാവസ്ഥയാകാംഅങ്ങനെയൊക്കെ തോന്നാൻകാരണ.എന്നാലുംഅത്രപെട്ടെന്ന്അംഗീകരിക്കാൻപറ്റുമോഞാ യാണ.സ്ത്രീകൾഅങ്ങനെയാണ്.അവളുടെ സദാചാര ബോധം.തുറന്ന് സമ്മതിക്കാനുള്ള അധൈര്യം.കാറ്റുപോകാൻ തുടങ്ങുന്നു.അതെന്റെ കാമുകനാണ്.എന്റെ മുഖം കണ്ടിട്ടാവാം പോകാനൊരുമടി.മുഖം മനസ്സിന്റെ കണ്ണാടിയാണല്ലോഎന്തായാ◌ െലും പോയില്ല. പതുക്കെ പതുക്കെ എന്നെ തലോടാൻ തുടങ്ങി.പിന്നെ ചുംബനം കൊണ്ടു മൂടി.കണ്ണുകളിൽ നോക്കി കഥ പറയാൻ തുടങ്ങി.ശരിക്കും എന്നെ വീണയാക്കി മാറ്റി.ഒരോ വീണ കമ്പിയിലും ഇളംതെന്നലിന്റെ സാമീപ്യം ഞാനറിഞ്ഞു.ഞ ാൻ [illegible]കാറ്റായി മാറി.അവസാനം എന്തോ കള്ളം കാണിച്ചതുപോലെ മ്ലാനവദനായിഇളംതെന്നലായിയാത്രപറഞ്ഞു.എന്തോനഷ്ടമായതുപോലെ തോന്നി.ഒന്നും പറയാൻ കഴിയുന്നില്ല.ഇഷ്ടം ഉണ്ടോ ഇല്ലയോഒന്നും.പിന്നെദിവസവുംഞാൻവേവലാതിയോടെ കാത്തിരുന്നു.കണ്ടില്ല.മ ാനസികമായി ഞാൻ തക ന്നു ഞാൻ ശ്രദ്ധിച്ചു. കാറ്റു വരുന്ന വഴിയിൽ തടസ്സം അവിടെ ഒരു ഫ്ലാറ്റ് ഉയ ന്നു ഒരു വൻമതിൽ ആകാൻ പോകുന്നു. നാലഞ്ചു ദിവസങ്ങൾ കടന്നു പോയി.മനസ്സിനൊരു വിങ്ങൽ.എന്നാലും എന്റെ ഇളം തെന്നലിനെ തടഞ്ഞു കൊണ്ട് ഒരു സമുച്ചയം പണിയാനെങ്ങനെ തോന്നി.ഭൂമാവിയകൾക്കങ്ങനെ വല്ലതുമുണ്ടോ?എന്നാലും കള്ളൻ എങ്ങനെയെങ്കിലും വരുമെന്നൂഹിച്ചു.അതാ വീണ്ടും ഒരു ഉച്ചനേരത്ത് ഇടവഴിയിലൂടെ കൊച്ചുകള്ളൻ കടന്നുവരുന്നു. എന്നെ ഒരു വല്ലാത്തമാനസികനൊമ്പരത്തിലാണ് കൊണ്ടെത്തിച്ചിരിക്കുന്ന എന്ന

സമന്വയം

എന്റെ ഭാവം അവൻ തരിച്ചറിഞ്ഞിരിക്കുന്നു.ഞാൻ വിഷമിച്ചു.അല്ലേ? എങ്ങനെവരാൻ?ഞാൻ വന്ന വഴി കണ്ടില്ലേ?കൂടാതെ അഭിമുഖീകരിക്കാനുള്ളി വിഷമവും.........

ഞങ്ങൾ  പരിഭവങ്ങൾ മാറ്റി ഒന്നായ നിമിഷങ്ങൾ......ഇന്നു വരാതിരുന്നെങ്കിൽ നിന്നെ തേടിയുള്ള അലച്ചിലിൽ ഞാൻ ഭ്രാന്തിയാകുമായിരുന്നു.അത്ര മാത്രം നിന്നെ ഞാൻ ഇഷ്ടപ്പെടുന്നു.പക്ഷേ പറഞ്ഞില്ല.ഇളം കാറ്റ് ചെവിയിൽ മന്ത്രിച്ചു  -  "വരരുതെന്ന് വിചാരിച്ചതായിരുന്നു. നിന്നോടുള്ള ഇഷ്ടം കൊണ്ട് വീണ്ടുംവന്നു. ഇതും പറഞ്ഞ് വന്ന വഴിയേ ഓടിപ്പോയി.ഞാൻ അതേ ഇരുപ്പിൽ അനങ്ങാതെ ഇരുന്നുപോയി.ഞാൻ ഒന്നും പറയാതിരുന്നതായിരിക്കുംകാരണ.എനിക്ക്ഇനിയുംകാണണം .ഒരിക്കൽകൂടിവന്നു.എന്റെക്ഷേമാന്വേഷണം നടത്തി വിട പറഞ്ഞു. എന്തായാലും എന്റെ കൊച്ചു വീടിന്റെ നാലു പാടും ഉയരുന്ന കെട്ടിട സമുച്ചയങ്ങൾ ഞങ്ങളെ തമ്മിൽ അകറ്റുന്ന ശത്രുവായി മാറുന്നു.എനിക്കെന്റെ ഇളം കാറ്റിനെ കണ്ടേ മതിയാകൂ.എല്ലായിടത്തും ഞാൻ തിരയുന്നു.

ദൃഷ്ടിയിൽ പെടുമ്പോൾ ഒന്നും പറയാൻ കഴിയുന്നില്ല.പക്ഷേ കാറ്റിനെ എനിക്കു വേണം.എന്റെ കളിക്കൂട്ടുകാരനാണ്.വരും വരാതിരിക്കില്ല.ഏതു മാർഗ്ഗ തടസ്സത്തേയും തരണം ചെയ്ത് എന്റെ ഇളം തെന്നൽ എന്നത്തേടി എത്തും......തീർച്ചയായും അപ്പോൾ മനസ്സു തുറക്കണം.വന്നിരുന്നെങ്കിൽ...........

ഇൻ സമാം
*VIII C*

# മഹത് വചനങ്ങൾ

- ചിന്തകൂടാതെയുള്ള പഠനം പ്രയോജനമില്ലാത്തതാണ്
  - കൺഫ്യൂഷ്യസ്
- ആത്മാവ് തന്നോടുതന്നെ സംസാരിക്കുന്നതാണ് ചിന്ത
  - പ്ലേറ്റോ
- ഒരു ജാതി , ഒരു മതം , ഒരു ദൈവം  മനുഷ്യന്
  - ശ്രീനാരായണ ഗുരു
- അധ്വാനമില്ലാതെ മഹത്തായതൊന്നും ഉണ്ടായിട്ടില്ല
  - എമേഴ്സൺ
- ഭാഗ്യദേവത സാഹസികരെയാണ് ആശ്ലേഷിക്കുക
  - ഇറാസ്മസ്
- സംഗീതം മനസ്സിന് ചിറകുകൾ നൽകുന്നു
  - പ്ലേറ്റോ
- അധ്വാനത്തിന് പകരംവെയ്ക്കാൻ മറ്റൊന്നുമില്ല
  - എഡിസൺ
- ലക്ഷ്യം മറക്കുമ്പോഴാണ് പരാജയം സംഭവിക്കുന്നത്
  - നെഹ്റു
- ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ്
  - ഗാന്ധിജി
- തോൽവി എന്നൊന്നില്ല, ഉള്ളത് പരിശ്രമം മാത്രമാണ്
  - ടോം ക്രൂസ്

**തസ്നീമ.റ്റി**

സമന്വയം

***IX D***

# കടങ്കഥകൾ

1. അമ്മ കല്ലിലും മുള്ളിലിലും മകൾ കല്ല്യണപന്തലിലും

- വാഴയും വാഴപ്പവും

2.അകത്തു നിന്നു നോക്കിക്കാണും കണ്ടൊതൊക്കെ ഉള്ളിലാക്കും

- ക്യാമറ

3.കാടുകൊത്തി പാറകണ്ടു,പാറകൊത്തി വെള്ളികണ്ടു,വെള്ളികൊത്തി വെള്ളം കണ്ടു

- തേങ്ങ

4.കാട്ടിലൊരുതുള്ളി ചോര

- മഞ്ചാടി

5.പിടിച്ചാൽ പിടി കിട്ടില്ല,വെട്ടിയാൽവെട്ടേൽക്കില്ല

- വെള്ളം

6.വരുമ്പോൾ കറുത്തിട്ട്,പോകുമ്പോൾ വെളുത്തിട്ട്

- മുടി

7.ഒരാൾക്ക് കാലിലും തലയിലും തൊപ്പി

സമന്വയം

\- ഉലക്ക

8.എഴുത്തുണ്ട്പുസ്തകമല്ല,ചിത്രമുണ്ട് ചുമരില്ല,വട്ടത്തിലാണ് ചകമല്ല

\- നാണയം

9.കുത്തുന്ന കാളയ്ക്ക് പിന്നിൽ കണ്ണ്

\- സൂചി

10.അകത്തേക്കുപോകുമ്പോൾ പച്ച പുറത്തേക്കു പോകുമ്പോൾ ചുവപ്പ്

\- **വെറ്റിലമുറുക്ക്**

**അൻഷ**

***IX.E***

# കുസൃതിചോദ്യങ്ങൾ

- പറക്കുന്ന ഇംഗ്ലീഷ് അക്ഷരമേത് ?

  B[bee]

- ആഴവും പരപ്പുമുള്ള ഇംഗ്ലീഷ് അക്ഷരം ?

  C[sea]

- നായ ഇഷ്ടപ്പെടുന്ന ഇംഗ്ലീഷ് അക്ഷരം ?

  L

- ഉത്തരം പറയുന്ന ഇംഗ്ലീഷ് അക്ഷരം ?

  S[yes]

സമന്വയം

- കുടിക്കാൻ പറ്റുന്ന ഇംഗ്ലീഷ് അക്ഷരം ?
  T[tea]
- ഏറ്റവും നീളമുള്ള കര ?
  നീണ്ട കര
- കഴുത്തിൽ അണിയാൻ പറ്റാത്ത മാല ?
  തിരമാല
- ആർക്കും ഇഷ്ടമില്ലാത്ത ജാം ?
  ട്രാഫിക് ജാം
- ആടിനെ പോലെ ശബ്ദിക്കുന്ന മാംസം ?
  മെയ
- തിന്നാൻ  പറ്റുന്ന തിര ?
  മുതിര

അതുല്യ ബാബു
*IX.D*

# THE CRYSTAL TREE

One day a poor woodcutter was on his way home, after work. He saw some seeds lying on the ground , near his feet . They sparkled like crystals . So he decided to plant them .
After a few years, the seeds grew into small shining trees. The woodcutter took a look at one of them and saw a bud blossomed into a crystal. He thought that he was dreaming. So he pinched himself to make sure that he was not dreaming and felt the pain . Now , a fairy appeared from the roots of a small crystal tree and said ,"Dear man , you have done a miracle by planting the seeds . Now you will be rich enough to buy hundreds of houses and still will be left with lots of money .” The woodcutter repleid ," I don't want to be rich , I just want fulfil his wishes . The woodcutter became very happy. But his wife and children wished to have more wealth. They said to him,"You should have asked for money.” The woodcutter repleid ," We wouldn't be happy with money because there would be so many problems with money, like theft , damage or loss .Therefore, I asked for happiness.” His wife and children didn't seem to believe him, so they left the house and asked the fairy to make them rich . The fairy granted their wish and they became rich .After few a days , there was a theft in their home . The thieves had stolen all their money . The wife and children of the woodcutter then realized that they should not have left their happy home. At last , they returned home to live happily with the woodcutter .

JASMIN.R.S
*IX.C*

സമന്വയം

# VALUE OF EDUCATION

Education is a manifestation of the perfection that is already in man. The student be educated in such a way that they can contribute to the making of the world and rendering it a better place to live in. They are the hope of one country. A student is like the sky which can be moulded into many shape. Hence it is necessary that students should be brought up in the right way. The environment provided by the society is responsible for shaping the character of student.

But a large number of students from India go abroad for further education and in search of better prosprects in life. Unfortunately most of the students who go abroad to study don't return home. They have a tendency to settle their permanently. This causes huge loss to our country. India is one of the countries which donates a large number of professionals to other countries of the world.

We must educate all the children of the country for our bright future. If all these go on smoothly, then India will become a developed nation by 2020 in its social, economic and cultural realms.

സമന്വയം

ANJALA BEEGOM
*IX.C*

# <u>പ്രകൃതിയും</u>

# <u>മനുഷ്യരും</u>

സമന്വയം



ഇന്നു ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണികളിൽ ഒന്ന് മനുഷ്യന്റെ വീണ്ടുവിചാരമില്ലത്ത പ്രവൃത്തികൾ മൂലം പ്രകൃതിയുടെ താളം തെറ്റിയിരിക്കുന്നു എന്നതാണ്.തോക്കിൻ കുഴലിനു മുൻപിൽ നിൽക്കുന്ന ഒരു പട്ടാളക്കാരന് എത്രമാത്രം ജാഗ്രതയോടെ നിൽക്കുന്നുവോ അതുപോലെ പ്രകൃതിയെ സംരക്ഷിക്കുവാൻ നാം തയ്യാറാകണം . എങ്കിൽ മാത്രമേ മാനവരാശിക്ക് ഈ ഭൂമിയിൽ നിലനിൽപ്പുള്ളു.മനുഷ്യൻ പ്രകൃതിയിൽ നിന്ന് ഭിന്നനല്ല, പ്രക◌ൃതിയുടെ തന്നെ ഭാഗമാണ്.പ്രകൃതിയുടെ താളലയം നഷ്ടപ്പെടുമ്പോൾ പ്രകൃതി സംഹാരതാണ്ഡവമാടുവാൻ ആരംഭിക്കും. അതു ാണ് ഇന്ന് വ ർധിച്ചുവരു പ്രകൃതി ദുരന്തങ്ങൾക്ക് കാരണം.ഈ ഭൂമി ഈ രീതിയിൽ നമ്മളെ വേദനിപ്പിക്കുവാൻ എന്താണ് കാരണം? നമ്മൽ ഒരേ ന്നാ ക്കണം പ്രകൃതി നമ്മുക്കുവേണ്ടി എത്രമാത്രം ത്യാഗം സഹിക്കുന്നു.ഒരു വൃക്ഷത്തെ നോക്കുക, അത് ഭലം തരുന്നു,തണൽ തരുന്നു, ക്കു ുളി മ്മ പകരുന്നു.അതിനെ വെട്ടിയീലും വെട്ടുന്നവനും തണൽ വിരിക്കുന്നു.നദിയാകട്ടെ മനുഷ്യന്റെ അഴുക്കുകൾ സ്വീകരിക്കുമ്പോയും അവർക്ക് ശുദ്ധജലം നൽകാൻ വെമ്പുന്നു.ഇങ്ങനെ പ്രകൃതിയിലെ

സമന്വയം

ഏതൊന്നെടുത്തു നോക്കിയാലും അവയെല്ലാം നമ്മുക്കുവേണ്ടി എന്തെന്തു ത്യാഗമാണ് സഹിക്കുന്നത്. പക്ഷേ,മനു ഷ്യ പ്രകൃതിയോടു എന്താണ് ചെയ്യുന്നത്?ഒരു വൃക്ഷം വെട്ടിയാൽ പത്തു തൈ വയ്ക്കണമെന്നു പറയും. പക്ഷേ, എത്ര പേർ അനുസരിക്കുന്നു? അഥവാ അതനുസരിച്ചാൽ തന്നെ നഷ്ടപ്പെട്ട് വൃക്ഷത്തിനു പകരം ഈ കൊച്ചു തൈകൾ കൊണ്ട് എങ്ങനെ പ്രകൃത്യടെ താളലയം നിലനിർത്താൻ സാധിക്കും? വലിയ വൃക്ഷം പ്രകൃതിക്ക് ചെയ്യുന്ന ഗുണം ഒരു ചെറിയ തൈയ്ക്കു കൊടുക്കാൻ കഴിയില്ല .

മനുഷ്യർ ചെയ്ത അധർമ്മത്തിന്റെ ഫലം മനുഷ്യൻ തന്നെ അനുഭവിച്ചുകൊണ്ടിരിക്കുന്നു . ഋഷീശ്വരന്മാർ പറഞ്ഞു പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രധാന്യമാണതിലൂടെ അവർ പഠിപ്പിച്ചത് . ഇന്നു പ്രകൃതിയിൽ പുഷ്പങ്ങളുടെ മണമൊന്നു ഇല്ല . ഫാക്ടറിയിൽ നിന്നുള്ള വിഷപ്പുകയുടെ ഗന്ധമാണ് . ഇന്നു അന്തരീക്ഷം വളരെ അധികം മലിനപ്പെട്ടു കഴിഞ്ഞു . പണ്ട് മനുഷ്യരുടെ ആയുസ്സ് 120 ആയിരുന്നവെ-ങ്കിൽ ഇന്നത് 80 തും 60 തും ആയി ചുരുങ്ങി . കൂടാതെ രോഗങ്ങൾ വർദ്ധിക്കുന്നു . പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നു, ആരോഗ്യം നശിക്കുന്നു . ഈ സ്ഥിതിയിലാണ് ഇന്നു നമ്മുടെ പോക്ക് . ഭൂമിയിൽ സ്വർഗം പടുത്തുയർത്താനാണ് മനുഷ്യന്റെ ശ്രമം . പക്ഷെ ഫലത്തിൽ അവർ തന്നെ ഇവിടം നരഗമാക്കി കൊണ്ടിരിക്കുന്നു . മധുരം കഴിക്കുവാൻ ആഗ്രഹമുണ്ട് , പക്ഷേ അസുഖം മൂലം അത് സാധിക്കുന്നില്ല. നദികളിൽ നീന്തികുളിക്കാൻ ആഗ്രഹമുണ്ട് . പക്ഷെ എങ്ങും മലിനജലം മാത്രം. ഇങ്ങനെ ഒരു കാര്യത്തിൽ അല്ലെങ്കിൽ മറ്റൊരുകാര്യത്തിൽ മനുഷ്യന് അവന്റെ ആഗ്രഹത്തിനൊത്ത് നീങ്ങാൻ പറ്റുന്നില്ല . സ്വയം സൃഷ്ടിച്ച കുരുക്കഴിക്കാനാകാതെ . അവൻ കുഴയുകയാണ്. മനുഷ്യരേ ആദ്യം നമ്മൾ സംരക്ഷിക്കേണ്ടത് പ്രകൃതിയെയാണ് . എങ്കിലേ നമ്മുക്ക് നിലനിൽപ്പുള്ളൂ . പണത്തിനുവേണ്ടി, സ്വാർത്ഥതയ്ക്കുവേണ്ടി പ്രകൃതിയെ നശിപ്പിക്കുന്നത് നമ്മൾ അവസാനിപ്പിക്കണം .അതോടൊപ്പം എല്ലാ മക്കളും അവരവരുടെ വീട്ടിൽ കുറച്ചു സ്ഥലത്തെങ്കിലും വൃക്ഷങ്ങൾ

സമന്വയം

നട്ടുവളർത്താൻ ശ്രമിക്കണം . ശ്രുതിയും താളവും ശരിയായി ഒത്തുചേരുമ്പാൾ സംഗീതം നമുക്ക് ആനന്ദം പകരുന്നു . അതുപോലെമനുഷ്യനും പ്രകൃതിയും പരസ്പരം കൈകോർത്ത് മുന്നോട്ടു പോകുമ്പോൾ ഈ ഭൂമി സ്വർഗമായിത്തീരും .

മുഹുസിന.എൻ
IX . D

# *A LOVELY EVENING*

*I went on an evening walk one day,*

*And saw a lovely garden I must say!*

*The garden had a cute a little gate,*

*I opened it saying, “Hello, am I late?”*

*The gardener was busy with his shovel and rake,*

*He asked, “Have you brought my tea and cake?”*

*I smiled, “No sir, I wish to see the flowers,*

*Yellow, blue,orange, and all other colours!"*

*He said,''Come in, come in,young boy,*

*The garden is here to bring you joy!"*

*I stepped inside and saw the wonderful sights,*

*Indeed  I lost myself in the paradise!*

***THASLEEMA. T***

***IX.C***

# प्रकृति

हरी-हरी खेत  में
बरस रहे है बूंद
खुशी-खुशी से आया सावन
भर गया मेरा आँगन।

ऐसा लग रहा है जैसे
मन क क लयाँ बल गयी वैसे
ऐसा क आया बसंत
लेके फूल का जशन।।

धूप से यासी मेरे तन को

## സമന്വയം

बूँद ने द ऐसी अंगडाई
खुद पड़ा मेरा तन-मन
लगता है में [illegible]

यह संसार है कतना सु दर
ले कन लोग नह उतने अकलमंद
यही है एक नवेदन
न करो कृ त का शोषण।।।।

*Malavika S Kurup*
*VIII C*

# ക്വിസ്

- നിറമില്ലാത്ത രക്തമുള്ള ജീവി - പാറ്റ
- തലയിൽ ഹൃദയമുള്ള ജീവി -കൊഞ്ച്
- കാലുകൾ കൊണ്ട് രുചി അറിയുന്ന ജീവി -ചിത്രശലഭം
- വിരലില്ലാത്ത നഖം മാത്രമുള്ള ജീവി -ആന
- സൂര്യനെ നേരിട്ട് നോക്കുന്ന പക്ഷി - കഴുകൻ
- വയറ്റിൽ പല്ലുള്ള ജീവി - കടൽഞണ്ട്

സമന്വയം

അനാമിക

*IX.E*

# മഹാന്മാർ സംസാരിക്കുന്നു

- മനുഷ്യ സേവനത്തിൽ കൂടി ദൈവത്തെ ദർശിക്കാനാണ് ഞാൻ ശ്രമിക്കുന്നത്

  ഗാന്ധിജി
- ഏതു ഹൃദയത്തിന്റെ താഴിനും ചേരുന്ന താക്കോലാണ് അനുകമ്പ

  ബിഥോവൻ
- മായാത്ത ഒരു മഷി ഉണ്ടെങ്കിൽ അത് സ്നേഹം മാത്യമാണ്

  പാർക്കർ
- വിനയമാണ് ഒരു സ്ത്രീയ്ക്ക് വേണ്ടുന്ന ഏക ആഭരണം

  ശ്രീശാദാദേവി
- സത്യം വലിയൊരു വൃക്ഷമാണ് എത്രത്തോളം പരിപോഷിപ്പിക്കുന്നുവോ അത്രത്തോളം ഫലം അതിൽ നിന്നും ലഭിക്കും

  ഗാന്ധിജി
- അനുഭവമാണ് ഏറ്റവും നല്ല അദ്ധ്യാപകൻ . ഫീസ് അൽപം കുടുതലാണെന്നു മാത്രം

  കാർലൈനർ

ജാസ്മിൻ.ആർ.എസ്
*IX C*

സമന്വയം

# കൗതുകലോകം

- തേനീച്ചയ്ക്ക് സ്വന്തം ഭാരതത്തിന്റെ 300 മടങ്ങ് ഭാരം വഹിക്കാ കഴിയും.
- കങ്കാരുവിന്റെ മാംസത്തിൽ കോളസ്ട്രോളില്ല.
- ഡോൾഫിനുകൾ ഉറങ്ങുമ്പോൾ ഒരു കണ്ണേ അടയ്ക്കാറുള്ളൂ.
- കിവി പക്ഷിയുടെ മുട്ടയ്ക്ക് അതിന്റെ ഭാരത്തിന്റെ നാലിൽ ഒന്ന് ഭാരം ഉണ്ടാകും.
- ആൺ കൊതുകൾ രക്തം കുടിക്കാറില്ല.
- എലി,മുയൽ തുടങ്ങിയ കരണ്ടുതിന്നുന്ന ജീവി കൾക്കെല്ലാം

ജ്ഞ ീവിതകാലം മുഴുവ പല്ല് വളർന്ന് കൊണ്ടിരിക്കും

ആദിത്യൻ
IX.D

# <u>വേനൽ മഴ</u>

മഴകൾക്കുമുണ്ട് കഥകൾ ചൊല്ലുവാൻ
വേനൽ മഴ കോരിച്ചൊരിഞ്ഞതതിനായി
മഴ കാത്ത ജീവികൾക്കാശ്വാസമായി
വേനൽ മഴ വന്നതാർക്കുവേണ്ടി?
പൂക്കളെ പുളകത്തിൻ മഞ്ചലിൽ
ആലോലനൃത്തമാടിക്കാൻ വേണ്ടിയോ ?
പറയുക മാനുജ നിൻ നെറികേടുകൾ
സ്ത്രീത്വം വെറുവാക്കായി മാറും കഥ

സമന്വയം

പരിശുദ്ധിയേറും അവൾതൻ ജീവിതഗാഥ

ആണ്ടോടാണ്ടവൾ  പ്രാർത്ഥിക്കുമെന്നോ
ക്രന്ദമുകമാം മനസ്സതു കൊണ്ടവൾ
പണ്ടുകാലം മുതൽക്കേ അവർക്കൊരു
സ്വപ്നമുണ്ടത് മാത്രമാണ് ലോകം
വിദ്യ അഭ്യസിക്കുക എന്ന പാഴ് സ്വപ്നം
ശോകമൂകനിദ്രയിൽ കണ്ടുവെന്നോ
ഉന്നത ജാതി ,കുലത്തിൽ നാരികൾക്ക്
വിദ്യയൊരു തൂലികയായി ജീവിതമായി
വിദ്യാവകാശമെന്നും അവൾതന്നിലൊരു
പാഴ്കിനാവായെന്നും തിങ്ങിനിന്നു.
പാഴ്കനവല്ലത് അവളുടെ ജീവിതം
അറിയുക മാനുജാ അവൾതൻ മനം.
സ്വപ്നമെല്ലാം അടിയറവു വെച്ചവൾ
അടുക്കളയിൽ മാത്രമായി ജീവൻ

എന്നിട്ടും അവൾതൻ പരിശുദ്ധിയറിയില്ല
മനുഷ്യസമൂഹമെന്നും കൂരിരുട്ടിൽ
അവളെ പിച്ചിച്ചീന്തുവാൻ ഉത്സാഹം
അവൾതൻ പവിത്രത ആർക്കറിയാം ?

പാഴ്ക്കിനാവല്ല മലർതളിർക്കുന്നു
പ്രതീക്ഷയാം കിരണം ഉദിച്ചു വന്നു.
ഉദിച്ചു തീവ്രമായി പൊള്ളലുകളായി
അവനിയിൽ കിട്ടി പുത്തനുദയം

സ്ത്രീത്വത്തെ തളയ്ക്കുവാൻ കഴിയില്ല എന്നത്
പാഠമാക്കൂ മനുഷ്യരെ നിങ്ങൾ .
മഴ കാത്തുനിന്ന വേഴാമ്പലാം അവളൊരു
പുതിയജീവൻ പടുത്തുയർത്തി
വേനൽമഴയിൽ കുളിർന്ന് നിറഞ്ഞ്
ആൺവർഗ്ഗങ്ങൾ പാഠംപഠിച്ചതും ഓർമിക്ക നാം.

സമന്വയം

പുണ്യജന്മത്തിൻ നൈപുണ്യമറിയുക .
വാഴ്ത്തുക വാഴ്ത്തുക ശ്രേഷ്ഠജീവൻ.
വേനൽമഴയിൽ കുളിച്ചീറനണിഞ്ഞവൾ
സ്ത്രീ എന്ന രണ്ടക്ഷരം മാത്രമല്ല
രണ്ടക്ഷരത്തിൽ ദ്വിലോകമാകയും
കൈപ്പിടിയിലാക്കുന്ന സ്നേഹപര്യയം .
സ്ത്രീകൾതൻ മാനത്തെ പ്രഹരിച്ച
മാനുഷാ അവൾതൻ ജീവൻ മനസ്സിലാക്കൂ.
വേനൽമഴ കുളിരായി,നിറവായി
സ്നേഹത്തിൻ ആപ്തവാക്യമായി
അവളുടെ ജീവിത സാഫല്യമായ്.

അനഘ സുരേഷ്
X . E

# ചാർളി ചാപ്ലിൻ
***[1889-1978 ]***



സമന്വയം

ഇംഗ്ലീഷ് സിനിമയിലെ ഹാസ്യനടൻ,ചാൾസ് സ്-
പെൻസർ ചാപ്ലിൻ. 1889 ഏപ്രിൽ 16 ന് ലണ്ടനിൽ ജനിച്ചു. അദ്ദേഹത്തിന്റെ
പിതാവ് ചാൾസും മാതാവ് ഹന്നയുമായിരുന്നു.
സംഗീതനൃത്തങ്ങൾ ഇടകലർന്ന പരിപാടികൾ നടത്തി ജീവിതം
നയിച്ചിരുന്ന ഇവർ കുട്ടിയായ ചാർലിയേയും സംഗീതവും നൃത്തവും
പരിശീലിപ്പിച്ചിരുന്നു.ഏഴാം വയസ്സുമുതൽ ചാപ്ലിൻ ഇൗ
കലാപരിപരിപാടികൾ അഭിനയിപ്പിക്കാനും തുടങ്ങി.പിതാവിന്റെ
മരണത്തെത്തുടർന്ന് അമ്മ മനോരോഗിയായി.17 വയസ്സുള്ളപ്പോ-ൾ ഒരു
നാടകക്കമ്പനിയിൽ ചേർന്നു.തുടർന്ന് അമേരിക്കയിലെ-
ത്തിയ ചാപ്ലിനെ,1913 ൽ ഒരു സിനിമാ നിർമ്മാതാവ് ശ്രദ്ധിക്കു-
കയും അഭിനയിക്കാൻ ക്ഷണിക്കുകയും ചെയ്തു.ചാപ്ലിന്റെ സിനിമാ
വേഷം പ്രസിദ്ധിമാണ്.മുറിമീശ,ഇറുകിയ കോട്ട്,അയഞ്ഞുകിടക്കു-
ന്ന കാലുറ,വലിയ ഷൂസ്,തലയിലൊരു കൊച്ചു തൊപ്പി,കയ്യിലൊ-
രു വടി ഇതുകണ്ടാൽ ആളുകൾ ചിരിക്കാൻ തുടങ്ങുകയായി.പി-
ന്നീട് സ്വന്തമായി സിനിമ കമ്പനി രൂപീകരിച്ചു.1923 നുശേഷം
സ്വന്തം കമ്പനിയുടെ ചിത്രങ്ങളിലെ ചാപ്ലിൻ അഭിനയിച്ചുള്ളൂ.
ഭരണാധികാരികളേയും ധനികരേയും വിമർഷിച്ചുകൊണ്ട് അദ്ദേ-
ഹം സിനിമകൾ ഇറക്കി.തുടർന്ന് അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റുകാ-
രനാണ് എന്ന് അമേരിക്കൻ ഭരണകൂടം പറഞ്ഞു പരത്തി.ഹിറ്റ്ല-
റുടെ സിദ്ധാന്തത്തെ എതിർത്ത് 'ഗ്രേറ്റ് ഡിക്ടേറ്റർ' എന്ന സിനിമയും
അമേരിക്കയുടെ ജനാധിപത്യത്തിനെതിരായി'എ കിങ് ഒാഫ് ന്യൂയോർക്ക്
'എന്ന സിനിമയും അദ്ദേഹം ഇറക്കി. 1964 ൽ ചാപ്ലിന്റെ ആത്മകഥ
പ്രസിദ്ധീകരിച്ചു.1978 ൽ ചാർലി ചാപ്ലിൻ നിര്യാതനാവുകയും ചെയ്തു..

**സൂര്യ.എസ്**
***IX. C***

# FAMOUS QUOTES

സമന്വയം

"Humans are the only creature in this world who cut trees , make paper from it and then write 'SAVE TREES' on it."

"A person without children would a hopeless future a country without trees is almost as hopeless."

"Forests are the world's aie conditioning system – the lungs of the planet – and we are on the verge of switching it off."

" They kill good trees to put out bad news."

NANDINI.A.S
IX.C

# Health Tips

- Nail Biting

Some children develop the habit of biting their finger nails. They are prone to health problem such as pinworm infection, gastro enteritis, bleeding of finger tips and loss of appetite. To avoid it their nails cut at regular intervals. Make it a point to keep their nails clean from dirt and dust.

- Some children have the habit of putting pen or pencil into their mouth.

*By doing this they may swallow toxic substance which may be harmful to their health.*

The children should be discouraged such habits.

- Hasty and careless washing of hand before taking food.

Such person will have the risk of getting following disease:

worm infection
typhoid
gastro enteritis
dysentery etc.

Precautionary Measures

Every time wash your hands before with soap and water before taking food.

സമന്വയം

DILSHANA NOUSHAD
IX.C

# DO YOU KNOW WHY

# *''HELLO''*

# IS SO SWEET

**H** : How are you?
**E** : Everything OK?
**L** : Like to see you!
**L** : Like to speak to you!
**O**: Obviously I miss you!!
So, keep saying you "HELLO"




# RULES TO ACHIEVE SUCCESS

**S** - See your goal!
**U** - Understand the obstacles
**C** - Clear your mind of doubt
**C** - Create a positive outlook
**E** - Embrace the challenge
**S** - Stay on track
**S** - Show the world that you can do it

NANDINI.A.S
IX.C


# DECISION MAKING

Decision-making is a very vital part of our life. This is because what we are today is largely a result of the decisions we have taken in the past. Similarly whatever happens tomorrow will be a

result of the decisions we take in the present. It is not possible to reverse the wrong decisions we take in the past. But it is possible to train ourselves to become a good decision maker in the future. If we don't, we will end up doing what we have always done and thus get what we have always got. Philosopher Walter Kaufman called his decidophobia. All sorts of decision big or small, relevant, conscious or unconscious-punctuate our lives. Some times we don't even realize we are taking a decision. Those who avoid taking a decision leave every thing to chance and float a long life with a “What a will be, will be” attitude. To enhance our decisions-making, we must first of all gather all the information about the issue before we make our decision. We might be heading for a failure in our decision are based on half-baked information. If you have a set of guiding principles for your life, decision-making becomes a lot easier. If your goals are clear, they can facilitate decision-making. Outline your short and long term goals in black and white. Action is a vital consequence of decision-making. It is a necessary follow up. Only when we get a feedback of whether our decision has been correct or not we can proceed in a more focused way. So, it is essential to move from the world of thought to the arena of action and consequences.

**THASLEEMA. T**
**IX.C**

# NATURE



*Nature the gift of God*

*A marvel to me, A wonder to all*

*Her eternal beauty, a mystery to all*

*The gurgling of the river,*

*The sound of a thrush easing its throat*

*The light of the morning sun,*

*The splash of colour by the evening sun,*

*The grrenary of trees and plants*

*The flowers that are a feast to our eyes*

സമന്വയം

*The sweet fruits, the juice*

*All explain the beauty of nature*

*Like a tree that grows everyday*

*It is the beauty of nature that grows*

*It is the magical in being fascinating*

*Nature laughs; I laughs*

*She offers the bounty of God*

*I accept it with heart and soul.*

NANDINI.A.S
IX.C

# STRESS OF EXAMS

*Every year exams come,*

*Every year they go,*

*“Study, study,study,”tells my mum,*

*When they get over, they play Ludo.*

*Is it worth studying  in the end,*

*When exams are knocking at the door?*

*Asking help from a friend,*

*As you didn't pay attention to the mentor.*

*Preparing for exam is a must,*

*The key is not to get distracted,*

സമന്വയം

*Pick up the books and sweep the dust,*

*Use your time wisely, as it is being 'subtracted.'*

*When the exams are over,*

*Do not sigh in relief,*

*As your parents tell you to study the leftover,*

*Thinking that your mark have been stolen by a thief.*

*All students do go home,*

*And lie that did well,*

*Check their answers in Chrome,*

*And try to remember- 'Did we draw the cell'?*

*Don't worry, as life has not come to an end,*

*I know that you have to focus on tomorrows,*

*Prepare for your next exams with all agility,*

*And then the cycle repeats, as students are students only ........*

***THASLEEMA. T. IX. C***

# SINGLE WORD

One who studies the evolution of mankind – Anthropologist

One who sells or prepare medicine - Apothecary

One who sells sweets and pastries - Confection

One who collects postage stamps - Philatclist

One charge of a museum - Curator

സമന്വയം

One who fights for money - Mercenary

One who draws map - Cartographar

One who cheat other by deceptive talk - Hypocrite

One who eats too much - Glutton

A man who gives care to his clothes - Dandy

NANDINI.A.S

IX.C

# DRUG ABUSE




From time immemorial drugs have been used by man for medical purposes. But never before has the abuse of narcotics caused such worldwide concern and posed an alarming menace to the society. Even the eastern hemisphere is not removed from drug network. The abuse of drugs is a universal problem that bothers the Indians and American alike.

The gravity of the present situation demands that the authority,the masses, the government institutions and non official rehabilitation centres should work hand in hand with each other. The addict under treatment should be told time and again that he is not alone. Success of the treatment means that he has been helped to build new, positive attitudes and to make control of his
life once more.

Gone are the days when eastern and the poor developing were free from drug abuse. Record seizers of various drugs in recent raids have turned thespotlight on drug abuses in India .The arrest of famous new face actors is an example.

The spread of drugs is causing a huge threat to the future generations.

സമന്വയം

AKHILESH. A
IX.C

# മായാത്ത ഓ ാർമ്മകൾ

ഒരു വേനൽ അവധി ആയിരുന്നു അത്. അവധി കാലമായാൽ പിന്നെ കാര്യങ്ങൾ ഒന്നും പറഞ്ഞറിയിക്കണ്ടല്ലോ . അങ്ങനെ ഇരിക്കുന്ന ഒരു ദിവസം മായ എന്ന ഒരുപെൺകുട്ടിയ്ക്ക് വളരെ അധികം ബോറടിച്ചു .അവളുടെ അമ്മയ്ക്കും അച്ഛനും അവൾ ഒരു മകൾ മാത്രമായിരുന്നു . അവൾക്കൊരു പ്രത്യേകത ഉണ്ടായിരുന്നു .അവൾ ഒരിക്കലും ചിരിച്ചിരുന്നില്ല.മായയുടെ അച്ഛന് അതിൽ ഒത്തിരി വിഷമം ഉണ്ടായിരുന്നു .അച്ഛന് അറിയാമായിരുന്നു അവൾക്ക് പടം വരയ്ക്കുന്നത് ഇഷ്ടമാണെന്ന് .അതിനാൽ അവളുടെ വീട്ടിൽ പ്രത്യേക ട്രായിംഗ് ക്ലാസ്സുണ്ടായിരുന്നു. ആ നാട്ടിലെ സമൃത്ഥരായ എല്ലാകുട്ടികളും അവിടെ വന്നിരുന്നു.എന്നിട്ടുംമായ ചിരിച്ചില്ല . അവൾക്ക് പൂക്കളെ പരിപാലിക്കാനും പൂക്കളോട് സംസാരിക്കാനും വളരെ ഇഷ്ടമായിരുന്നു.അതായിരുന്നു അവളുടെ ഏക സന്തോഷം എന്ന് പറയുന്നത് .അങ്ങനെ ഇരിക്കെ ഒരു ദിവസം ട്രായിംഗ് ക്ലാസ്സിൽ പീറ്റർ എന്ന് പേരുള്ള ഒരു കുട്ടി വന്നു.അവൻ അധിബുദ്ധിമാനും മാന്ത്രകത്തിൽ വിശ്വസിക്കുന്നവനും ആയിരുന്നു.അതിനാൽ അവൻ അവിടുത്തെ എല്ലാ മാന്ത്രകതയും കണ്ടിരുന്നു .പാവകുട്ടികൾ സംസാരിക്കുന്നത് നക്ഷത്രങ്ങൾ കളിക്കുന്നത് പൂക്കൾ നൃത്തം ചെയ്യുന്നത് മുതലായവ എല്ലാം അവൻ കണ്ടിരുന്നു.അവൻ കാണുന്ന എല്ലാം കൂട്ടുകാരടുത്ത് പറഞ്ഞിരുന്നെങ്കിലും ആരും അത് വിശ്വസിച്ചില്ല . പക്ഷെ അതിൽ അവന് ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല . കാലം മാറി വന്നു . ഇലകൾ കൊഴിഞ്ഞു,വസന്തം വന്നു.

മായയുടെ ജന്മദിനത്തിന്റെ അന്ന് അച്ഛൻ അവൾക്ക് പുതിയതരം പൂ സമ്മാനിച്ചു.കടും ചുവപ്പ് നിറമുള്ളആ പൂവ് കാണാൻ നല്ല ഭംഗിയായിരുന്നു .ആ രാത്ര അവൾ നന്നായി ഉറങ്ങി.പിറ്റേന്ന് രാവിലെ അവൾ പൂക്കളുടെ അടുത്ത് വന്നപ്പോൾ അവ വാടി തളർന്ന് നിൽക്കുന്നത്

സമന്വയം

അവൾ കണ്ടു . അവൾക്ക് വലിയ സങ്കടമായി . അപ്പോൾ ഡ്രായിംഗ് ക്ലാസ്സ് ആരംഭിച്ചിരുന്നു. സാർ മായയെ തിരഞ്ഞു.അവൾ വന്നപ്പോൾ സാർ അവളെ വഴക്കു പറഞ്ഞു "ചിരിക്കാത കൊച്ചെ നീ എവിടെ പോയിരുന്നു ".അവൾ ഒന്നും മിണ്ടിയില്ല .അപ്പോൾ പീറ്റർ വന്ന് അവളുടെ അടുത്ത് പറഞ്ഞു "എനിക്ക് അറിയാം നീ പൂക്കൾ വാടി ഇരിക്കുന്നത് കാരണം ആണ് വിഷമിച്ചത് എന്ന്. അവർക്ക് ഒരു കുഴപ്പവും ഇല്ല. അവർ എല്ലാ രാത്രകളിലും ഗോൾഡ് പാലസ് രാജകൊട്ടാരത്തിൽ നൃത്തം ചെയ്യാൻ പോകും. ഇന്നലെ രാത്രി അവർ അവിടെ ആയിരുന്നു.അവർ തളർന്നിരിക്കുകയാണ് ഇപ്പോൾ" ഇത് കേട്ടപ്പോൾ മായ പറഞ്ഞു "ഇന്നലത്തെ പാർട്ടിയിൽ കൊട്ടാരത്തിൽ ഞാനും ഉണ്ടായിരുന്നു .എന്നിട്ട് ഞാൻ അവരെ കണ്ടില്ലല്ലോ "അത് അവർ നൃത്തം ചെയ്യുന്നത് രഹസ്യമായിട്ടാണ്.കാരണം കാവൽക്കാർ വളരെ ക്രൂരനാണ് . അയാൾ അവരെ കണ്ടാൽ നശിപ്പിക്കും . അതു കൊണ്ട് അവർ നൃത്തം ചെയ്യുമ്പോൾ വാതിലിനടുത്ത് അവരുടെ കൂട്ടത്തിൽ ഉള്ള ഒരാൾ വന്നു നിൽക്കും . കാവൽകാരന്റെ നടക്കുന്ന ശബ്ദം കേൾക്കുമ്പോൾ അവർ ഒാടിയൊളിക്കും"പീറ്റർ പറഞ്ഞു."എനിക്കും കാണണം അത് പീറ്റർ"മായ പറഞ്ഞതു കേട്ട് പീറ്റർ പറഞ്ഞു "നീ മാന്ത്രകത്തിൽ വിശ്വസിച്ചാൽ നിനക്കും കാണാൻ കഴിയും . രാത്ര നീ അവർക്ക് നൃത്തം ചെയ്യാൻ ഒരു സ്ഥലം കൊടുത്താൽ അവർക്കവിടെ നൃത്തം ചെയ്യാം.പക്ഷേ വാതിലുകൾ അടച്ചിടണം അവർ ഇല്ലങ്കിൽ പുറത്തു പോകും". “ശരി" മായ പറഞ്ഞു . "ഇൗ കുട്ടിയുടെ മനസ്സിൽ ഇത്രയും ദയാനകമായ ചിന്ത എവിടുന്നു വന്നു എന്ന് അറിയില്ല.”സാർ പറഞ്ഞു . അന്ന് രാത്രി പീറ്റർ പറഞ്ഞതുപോലെ അവൾ ചെയ്തു . അവളുടെ പാവ "സോഫിയ" യെ ഒരു ഇരിട്ടു മുറിയിൽ അടച്ചു .സോഫിയ കരയുന്നത് അവൾ
കണ്ടിരുന്നില്ല. സോഫിയ കിടന്നിരുന്നിടത്ത് അവൾ ചെടികൾ എടുത്തു വച്ചു.എന്നിട്ട് പറഞ്ഞു"നിനക്ക് രാത്രി നൃത്തം ചെയ്യണ്ടേ ". അതിനു ശേഷം മായ കിടന്നു . എപ്പേഴോ അവൾ ഉറങ്ങി പോയി . രാത്രി എന്തോ ശബ്ദം കേട്ടാണ് അവൾ ഉണർന്നത് .അവൾ എണീറ്റ് താക്കേൽ പഴുതിലൂടെ നോക്കി . അവലുടെ കണ്ണിന് വിശ്വസിക്കാൻ കഴിഞ്ഞില്ല . എല്ലാ പൂക്കളും കൈെ കോർത്തുനിന്ന് നൃത്തം ചെയ്യുന്നു.അവൾ അത് നോക്കി നിന്നു .

സമന്വയം

പൂക്കൾ നൃത്തം ചെയ്യുന്നതു കണ്ട് പാവകൾ ഇറങ്ങി വന്ന് നൃത്തം ചെയ്യാൻ തുടങ്ങി.അപ്പോൾ സോഫിയ കിടന്നു കരയാൻ തുടങ്ങി. അങ്ങനെ അവളെ ഒരു നോക്കു കുത്തി തുറന്നു വിട്ടു. ദേഷ്യത്തോടെ അവൾ പറഞ്ഞു .“നിന്നെ പോലെ ഒരു വൃത്തികെട്ട രൂപമാണോ എന്നെ തുറന്നു വിട്ടത്.ഒരു സുന്ദരന്മാരും ഇല്ലേ ഇവിടെ .”അങ്ങനെ രണ്ടു പൂക്കൾ വന്നു പറഞ്ഞു "എന്തിനാണ് ബഹളം വയ്ക്കുന്നത് " “ഞാൻ എന്ത് സുന്ദരി എന്റെ കൂടെ നിങ്ങൾ എന്തിനാണ് സംസാരിക്കുന്നത് .”സോഫിയ പറഞ്ഞു . പൂക്കൾ പറഞ്ഞു "നീ എന്തിനാണ് മോളെ ദേഷ്യപ്പെടുന്നത് " ഇങ്ങനെ പറഞ്ഞു കൊണ്ട് അവളെ ഒരു പാട് ഉപദേശിച്ചു . ഇതുകേട്ട്
സോഫിയ പറഞ്ഞു . "ശരിയാണ് നിങ്ങൾ നല്ലവരാണ് . നിങ്ങൾക്ക് എന്ത് സഹായം വേണമെങ്കിലുംഞാൻ ചെയ്തു തരാം.”പൂക്കൾ പറഞ്ഞു ."നീ മായയോട് പറയണം ഞങ്ങളെ മണ്ണിൽ നടണം എന്ന്. അവളുടെ റൂമിലെ മൺചട്ടിയിൽ വച്ച് എന്റേയും ഇവളുടേയും ജീവൻ തീരാറായി.ഞങ്ങൾക്ക് സൂര്യന്റെ പ്രകാശവും കാറ്റും ഒക്കെകൊണ്ടാൽ മാത്രമേ നന്നായി ജീവിക്കാൻ കഴിയുകയുള്ളൂ. "ഞാൻ പറയാം.” സോഫിയ പറഞ്ഞു .അങ്ങനെ മായ ഇതൊക്കെ കേട്ട് വാതിലിൽ കിടന്ന് ഉറങ്ങി പോയി . പിറ്റേന്ന് രാവിലെ അവൾ ഉണർന്ന് ആദ്യം തന്നെ പൂക്കൾ എല്ലാം എടുത്ത് പുറത്തു കുണ്ടു പോയി നട്ടു . എന്നിട്ട് സ്വയം പറഞ്ഞു . "ഞാൻ വാക്കു പാലിച്ചു . ഇനി നിങ്ങൾ "അവൾ പീറ്ററുടെ അടുത്തു പോയി പറഞ്ഞു. “ഞാൻ കണ്ടു.”പീറ്റർ ചിരിച്ചുകൊണ്ട് പോയി . അങ്ങനെ അവൾ അന്ന് മുതൽ ചന്ദ്രനോടും സൂര്യനോടും സംസാരിക്കാൻ തുടങ്ങി .ഒരു വസന്തം വന്നു പൂക്കൾ വാക്കു പാലിച്ചു അവർക്ക് കൊടുക്കാം എന്ന് പറഞ്ഞ എല്ലാം സാധിച്ചു . മായ അവരെ പഴയ സ്ഥലത്ത് കൊണ്ട് വച്ചു . മനോഹരമായ ഒരു പുഞ്ചിരി അവളുടെ മുഖത്തു വന്നു . അവൾ ആദ്യമായിട്ട് ചിരിച്ചുകണ്ട വീട്ടുകാർ സന്തോഷിച്ചു . അന്നു മുതൽ അവൾ മാന്ത്രികതയെ വിശ്വസിച്ചു. എന്നും അവൾ കാതോർത്ത് കിടന്നു .മായയുടെ മനസ്സിലെ മായാത്ത ഒാർമ്മയായി അത് നിലകൊണ്ടു .

ഹിബ
VIII. D

# വിട

കളിച്ചും കളിപ്പിച്ചും
ചിരിച്ചും ചിരിപ്പിച്ചും
നടന്നൊരു കാലങ്ങൾ
ഒരു ചെറുപുഞ്ചിരിയോടിതാ ഒാർത്തിടുന്നു
നിറവാർന്ന സാഗരം പേലെയാ
ഒാർമ്മൾ അലയടിക്കുന്നുവെൻ
മനസ്സിനുള്ളിൽ
കൊതിക്കുന്നുയെൻ മനസ്സിതാ
ആ സ്വർഗ്ഗതുല്യ നിമിഷങ്ങൾക്കായി
ഇനിയും പൂക്കുമോ
ഈ വസന്തകാലം ?
അന്നാദ്യമായി കണ്ടനാൾ
നനഞ്ഞതെൻ നേത്രമോ
ഇന്നിതാ കണ്ടപ്പോൾ
നനഞ്ഞതെൻ ഹൃദയമോ !
ഇനിയൊരു നോക്കു കൂടി കാണുവാൻ
കൊതിക്കുന്ന എൻ  മനസ്സിതാ !
ഒന്നിച്ചു ജീവിച്ച സുഹൃത്തുക്കളും
ജീവിക്കാൻ പഠിപ്പിച്ച അധ്യാപകരും
എന്നെന്നും എൻ ഒാർമയിൽ
കൊത്തി വയ്ക്കപ്പെടുന്നു.
അറിയാതെ ചോദിച്ചതെൻ മനം

# ഒരവസരം കൂടെ തന്നുകൂടെ ?

സൂര്യ.എസ്
*IX.C*